" ഭരണഭാഷ മാതൃഭാഷ "

## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം.

**(സാന്നിദ്ധ്യം: എസ് ആനന്ദകൃഷ്ണൻ,ഐ.പി.എസ്)**

വിഷയം:- കേരള എക്സൈസ് വകുപ്പ് – ഭരണവിഭാഗം - എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.എസ്.അശോക കുമാറിന്റെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:- 1) 16.12.2021-ലെ സ.ഉ.(സാധാ)നം.859/2021/നി.വ നമ്പർ സർക്കാർ ഉത്തരവ്.

2) 28.12.2021- ലെ ഉത്തരവ് നമ്പർ EXC/3107/2021-XD3(കേരള ഗസറ്റ് നം.3846 തീയതി 29.12.2021)

3)01.01.2022-ലെ XD3-62936/2018 നമ്പർ ഉത്തരവ്.

4) 13.12.2017-ലെ XD3-29638/2017 നമ്പർ ഉത്തരവ്

5) 02.03.2022-ലെ ഉത്തരവ് നമ്പർ - XD3-137817/2019(കേരള ഗസറ്റ് നം.1160 തീയതി 05.04.2022)

6) 01.06.2022-ലെ ഇതേ നമ്പര് ഉത്തരവ്.

7) 04.06.2022-ലെ വയനാട് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണറുടെ W01-03/2022 നമ്പര് കത്ത്.

8) 24.11.2019-ലെ EXC/3/2018-XD3(09.04.2019 കേരള ഗസറ്റ് നമ്പർ 15)

**ഉത്തരവ് നമ്പർ XD3-62936/2018 തീയതി: 05.07.2022**

ശ്രീ. എസ്.അശോക് കുമാർ എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.01.2004 മുതൽ 30.06.2006 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.101 ആയി ഉൾപ്പെട്ടിട്ടുള്ളതാണ്. 16.11.2017-ൽ കൂടിയ വകുപ്പുതല സമിതി(ലോവർ)-ൽ ടിയാന് പ്രസ്തുത സമയത്ത് അച്ചടക്കനടപടി നിലനിന്നിരുന്നതിനാൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ സ്ഥാനക്കയറ്റ പട്ടിക (select list)-ൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.

ശ്രീ. എസ്.അശോക് കുമാറിന് എതിരെയുള്ള അച്ചടക്കനടപടികൾ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം തീർപ്പാക്കിയതിനാൽ അശോക കുമാറിന് 17.12.2021 ന് കൂടിയ വകുപ്പുതല സമിതി (ലോവർ)-ൽ 2022-ലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റത്തിനുള്ള സൂചന(2) സെലക്റ്റ് ലിസ്റ്റിൽ സിരിയൽ നം.01 ആയി ഉൾപ്പെടുത്തുകയും സൂചന (3)പ്രകാരം സർക്കിൾ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തു. തുടർന്ന് 22.02.2022-ന് കൂടിയ താൽക്കാലിക വകുപ്പുതല സമിതി(ലോവർ)-ൽ എക്സൈസ്

ഇൻസ്പെക്ടർ തസ്തികയിൽ നിന്നും സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റത്തിനുള്ള 2017-ലെ സെലക്ട് ലിസ്റ്റിൽ (സൂചന 5) എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ടിയാന്റെ സീനിയർ ആയ ശ്രീ. ലാലു.പി.ആർ (ടി സെലക്ട് ലിസ്റ്റിൽ ക്രമ നം 5) ടിയാന്റെ ജൂനിയർ ആയ ശ്രീ. നൗഷാദ്. ഐ (ടി സെലക്ട് ലിസ്റ്റിൽ ക്രമന.6)എന്നിവർക്ക് ഇടയിലായി ക്രമ നം 5A ആയി ശ്രീ. അശോക കുമാറിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അശോക കുമാറിന് ടിയാന്റെ തൊട്ടു ജൂനിയർ ആയ ശ്രീ. നൗഷാദ്. ഐ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച 13.12.2017 തീയതി പ്രാബല്യത്തിൽ ശ്രീ എസ്.അശോക് കുമാറിന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നോഷണൽ സ്ഥാനക്കയറ്റം നൽകി സൂചന(6) പ്രകാരം ഉത്തരവായിരുന്നു. ശ്രീ. എസ്.അശോക് കുമാർ പരാമർശം 07 പ്രകാരം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ 01.01.2009 മുതൽ 31.12.2017 വരയുള്ള സീനിയോരിറ്റി ലിസ്റ്റിൽ മേല് നോഷണൽ സ്ഥാനകയറ്റത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെയും ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ 01.01.2009 മുതൽ 31.12.2017 വരയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ (കേരള ഗസറ്റ് നം.15 തീയതി 09.04.2019) ക്രമ നം.121 ശ്രീ.ലാലു.പി.ആർ, ക്രമ നം.122 ശ്രീ.നൌഷാദ് .ഐ എന്നിവർക്ക് ഇടയിലായി ശ്രീ. എസ്.അശോക് കുമാറിനെ ക്രമ നം. 121A ആയി ഉൾപ്പെടുത്തി സീനിയോരിറ്റി പുനഃക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Sd/-

എക്സൈസ് കമ്മിഷണർ

ഗ്രാഹകൻ:-

1.ശ്രീ. എസ്.അശോക് കുമാർ
എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ,
എക്സൈസ് സർക്കിൾ ഓഫീസ്, സുൽത്താൻ ബത്തേരി
(വയനാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തിരം)

2.01.01.2009 മുതൽ 31.12.2017 വരയുള്ള എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും.

പകർപ്പ് :-

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോർസ്മെന്റ്)
2.ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
3.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ. (എല്ലാം)
4.ഐ.ടി. സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5.ഉത്തരവ് ഫയൽ/കരുതൽഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്